# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 75

30/06/2015- ലെ
മറുപടിയ്ക്ക്

## പട്ടികജാതി പിന്നോക്ക വിഭാഗങ്ങൾക്കായുളള ക്ഷേമ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. റ്റി.യു.. കുരുവിള<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| (എ) | പട്ടികജാതി പിന്നോക്ക വിഭാഗങ്ങൾക്ക് നൽകി വരുന്ന ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും കാലോചിതവുമായി നടപ്പാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ: | പട്ടികജാതി പിന്നോക്ക വിഭാഗങ്ങൾക്ക് നൽകി വരുന്ന ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും കാലോചിതവുമായി നടപ്പാക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. പട്ടികജാതി പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ആനുകൂല്യം ഇ-ഗ്രാന്റ്സ്, DBTS എന്നിവ വഴി കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കി വരുന്നു. പോസ്റ്റ് മെട്രിക്ഹോസ്റ്റൽ പ്രവേശന നടപടികൾ കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാകുന്നതിന്റെ ഭാഗമായി പ്രവേശന നടപടികൾ ഓൺലൈനായി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ക്ഷേമപ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ഭവന നിർമ്മാണ ധനസഹായ വിതരണം, ഭവന പുനരുദ്ധാരണ ധനസഹായം എന്നിവ ഇ-ഹൗസിംഗ് പദ്ധതിപ്രകാരം ഓൺലൈനായും കൂടാതെ മറ്റ് ക്ഷേമ പദ്ധതികളും ഓൺലൈൻ സംവിധാനത്തിലൂടെ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. E-Governance, M-Governance തുടങ്ങിയ പുതിയ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

2. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വായ്പ സംബന്ധമായ കണക്കുകൾ കമ്പ്യൂട്ടർ വത്ക്കരിച്ചതിനാൽ ഗുണഭോക്താവിന് SBT യുടെ എല്ലാ ശാഖകളും മുഖേന നിന്നും ഓൺലൈൻ വഴി തിരിച്ചടവ് നടത്താൻ കഴിയുന്നു.

3. പിന്നോക്ക സമുദായ വികസന വകുപ്പ് പിന്നോക്ക വിഭാഗങ്ങൾക്ക് പിന്നോക്ക വിഭാഗ വികസന വകുപ്പ് മുഖേന നൽകി വരുന്ന ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമവും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് പരിപൂർണ്ണ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ടി സ്കീമുകളിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എല്ലാം ഓൺലൈനായി സമയബന്ധിതമായി നല്കുന്നുണ്ട്. മറ്റ് വികസന പദ്ധതികളിൽ സാദ്ധ്യമായവയെല്ലാം കാലതാമസം ഒഴിവാക്കുന്നതിനായി ഓൺലൈനായി അപേക്ഷിക്കുന്നതിന് സൗകര്യവും ഒരുക്കിയിട്ടുണ്ട്. അപേക്ഷകൾ വെബ്സൈറ്റിൽ ലഭ്യമാക്കിയാണ് മാന്വൽ അപേക്ഷകൾ സ്വീകരിക്കുന്നത്. മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ഗ്രാന്റ്, വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്, അഡ്വക്കേറ്റ് ഗ്രാന്റ് എന്നിവ മാത്രമാണ് ഡിഡിയായി ഗുണഭോക്താക്കൾക്ക് നൽകുന്നത്. പ്രസ്തുത സ്കീമുകൾക്കും കൂടി ധനസഹായം ഓൺലൈനായി നൽകുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ ഡയറക്ടറേറ്റും കോഴിക്കോടും എറണാകുളത്തുമുള്ള മേഖലാ ഓഫീസുകളും പൂർണ്ണമായി കമ്പ്യൂട്ടർവൽകൃതമാണ്. എല്ലാ സ്കീമുകളും 2016-17 നകം പൂർണ്ണമായും കമ്പ്യൂട്ടറധിഷ്ഠിതമാക്കുന്നതിനും വേഗത്തിലും കൃത്യമായും ആനുകൂല്യങ്ങൾ അർഹരിലെത്തി ക്കുന്നതിനും നടപടികളെടുക്കുന്നതാണ്.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസിയായി പ്രവർത്തിച്ചു വരുന്നു. ദേശീയ കോർപ്പറേഷനുകൾ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വായ്പ തുകയും മാനദണ്ഡങ്ങളും അനുസരിച്ചാണ് ഈ കോർപ്പറേഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കോർപ്പറേഷൻ നൽകുന്ന ആനുകൂല്യങ്ങൾ കൂടുതൽ കാര്യക്ഷമവും കാലോചിതമായി നടപ്പിലാക്കുന്നതിനും ഇത് കൂടുതൽ ജനങ്ങളിലെത്തിക്കുന്നതിനും

| | | |
|---|---|---|
| | | മാധ്യമങ്ങളിലൂടെയുള്ള പ്രചാരണം, വായ്പ മേളകൾ, സെമിനാറുകൾ, ബോധവത്ക്കരണ ക്യാമ്പുകൾ എന്നിവ എല്ലാ ജില്ലകളിലും ഊർജ്ജിതമായി നടത്തിവരുന്നു. കൂടാതെ നിലവിലുള്ള ജില്ലാ ഓഫീസുകൾക്ക് പുറമേ താലൂക്ക് അടിസ്ഥാനത്തിൽ ഉപജില്ലാ ഓഫീസുകൾ തുറന്ന് പ്രവർത്തനം ആരംഭിച്ചു. വർക്കല, ഹരിപ്പാട്, പട്ടാമ്പി, വണ്ടൂർ, ചേലക്കര, തിരൂർ എന്നിവിടങ്ങളിലാണ് ഉപജില്ലാ ഓഫീസുകൾ ആരംഭിച്ചിട്ടുള്ളത്. കൂടുതൽ ഉപജില്ലാ ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പട്ടികജാതി വികസന കോർപ്പറേഷനെയും പിന്നോക്ക വിഭാഗ കോർപ്പറേഷനെയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഇവയിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടപടിക്രമം കൂടുതൽ ലളിതമാക്കുന്നതിനും നടപടികൾ സ്വികരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശിയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ ധനസഹായ ത്തോടെയാണ് പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ദേശീയ ഏജൻസികൾ നിഷ്ക്കർഷിച്ചിരിക്കുന്ന നിബന്ധനകൾ പാലിക്കുവാൻ കോർപ്പറേഷൻ ബാധ്യസ്ഥരാണ്. അതുകൊണ്ട് തന്നെ പലിശ നിരക്ക്, വരുമാന പരിധി, യോഗ്യതാ മാനദണ്ഡങ്ങൾ, എന്നിവയിൽ മാറ്റം വരുത്തുവാൻ കോർപ്പറേഷന് അധികാരമില്ല. എന്നിരുന്നാലും സമയ ബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിന് കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പട്ടികജാതി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ നിലവിൽ കാര്യക്ഷമമായാണ് നടക്കുന്നത്. ഇതിന് ഉപോദ്ബലകമായ വസ്തുതകൾ താഴെ പറയുന്നു.<br>1. വായ്പാ വിതരണം ഓരോ വർഷവും വർദ്ധിച്ചു വരുന്നുണ്ട്.<br>2. വിവിധ വായ്പാ പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സുതാര്യമായ സംവിധാനമാണ് നിലവിലുള്ളത്.<br>3. വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കാനായി ദേശീയ ധനകാര്യ സ്ഥാപനങ്ങളായ ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ പട്ടിക വർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ എന്നിവ നൽകുന്ന പുനർവായ്പ യഥാസമയം വിനിയോഗിക്കുകയും അവർക്കുള്ള തിരിച്ചടവ് യഥാസമയം നടത്തുകയും ചെയ്യുന്നുണ്ട്.<br>4. വായ്പ തിരിച്ചു പിടിക്കുന്നതിലും ഓരോ വർഷവും കൂടുതൽ മെച്ചപ്പെട്ട പ്രകടനമാണ് കോർപ്പറേഷൻ നടത്തുന്നത്. |

(...4)

| | | |
|---|---|---|
| | | 5. വായ്പാ കണക്കുകൾ കമ്പ്യൂട്ടർവത്ക്കരിച്ചതിനാൽ ഗുണഭോക്താവിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ശാഖകളിൽ നിന്നും ഓൺലൈൻ വഴി തിരിച്ചടവ് നടത്താൻ സാധിക്കുന്നു.<br>കോർപ്പറേഷനിൽ നിന്നും വായ്പ ലഭിക്കുന്നതിനായി അപേക്ഷകർ പാലിക്കേണ്ട നടപടിക്രമങ്ങൾ കാലാകാലങ്ങളിൽ ഉദാരീകരിക്കുന്നുണ്ട്. വായ്പ നൽകുന്നതിനായി ഗുണഭോക്താക്കളിൽ നിന്നും ആവശ്യം വേണ്ട രേഖകൾ (ജാതി, കുടുംബ വാർഷിക വരുമാനം, വയസ്സ്, ജാമ്യം എന്നിവ സംബന്ധിച്ച) മാത്രമാണ് ഹാജരാക്കാൻ ആവശ്യപ്പെടുന്നത്.<br>50,000/- രൂപ വരെയുള്ള വായ്പകൾക്ക് വസ്തു ജാമ്യമായി സ്വീകരിക്കുമ്പോൾ ജാമ്യവസ്തുവിന്റെ വില നിർണ്ണയ സർട്ടിഫിക്കറ്റ് ആവശ്യപ്പെടേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

Sali K.J
സെക്ഷൻ ഓഫീസർ